അംബേദ്കർ മെമ്മോറിയൽ സ്കൂളുകളിലെ ലൈബ്രറിയും റീഡിംഗ് റൂമും

82 (4023) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
പ്രൊഫ. എം. ടി. മുസ്തഫ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഡോക്ടർ അംബേദ്കർ മെമ്മോറിയൽ സ്കൂളുകളിൽ എത്ര എണ്ണത്തിന് ലൈബ്രറിയും റീഡിംഗ് റൂമുകളുമുണ്ട് ;

(ബി) ഈ സ്കൂളുകളിലെ റീഡിംഗ് റൂമുകളിൽ എത്ര പുസ്തകങ്ങളും പത്രങ്ങളും വീതമുണ്ട് ;

(സി) അവർക്ക് ശാസ്ത്രത്തോട് ആഭിമുഖ്യമുണ്ടാകത്തക്കവിധത്തിലുള്ള എത്ര ലളിതശാസ്ത്രഗ്രന്ഥങ്ങൾ ഈ ലൈബ്രറികളിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ഉള്ള മൂന്ന് ഡോക്ടർ അംബേദ്കർ മെമ്മോറിയൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രത്യേകമായി ലൈബ്രറിയുണ്ട്. എന്നാൽ ഇവയ്ക്ക് പ്രത്യേകമായി റീഡിംഗ് റൂം ഇല്ല. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള രണ്ട് ഡോക്ടർ അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ലൈബ്രറിയും റീഡിംഗ് റൂമും ഉണ്ട്. മറ്റുള്ള 11 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും 4 ആശ്രമം സ്കൂളുകളും ഒരു സി.ബി.എസ്.ഇ. സ്കൂളും ഉള്ളതിനാൽ 8 സ്കൂളുകളിൽ ലൈബ്രറി സൗകര്യം ലഭ്യമാണ്.

(ബി) പട്ടിക വികസന വകുപ്പ്.

1. കാസർകോട് മോഡൽ റസിഡൻഷ്യൽ സ്കൂൾ

പുസ്തകങ്ങൾ	...	446
പത്രം	...	1

2. പാലക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂൾ

പുസ്തകങ്ങൾ	...	1391
പത്രം	...	ഇല്ല.

3. കോഴിക്കോട് മോഡൽ റസിഡൻഷ്യൽ സ്കൂൾ

പുസ്തകങ്ങൾ	...	ഇല്ല.
പത്രം	...	ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

4. തൃശ്ശൂർ മോഡൽ റസിഡൻഷ്യൽ സ്കൂൾ

പുസ്തകങ്ങൾ	...	232
പത്രം	...	3

5. എറണാകുളം മോഡൽ റസിഡൻഷ്യൽ സ്കൂൾ

പുസ്തകങ്ങൾ	...	59
പത്രം	...	1

6. ഇടുക്കി മോഡൽ റസിഡൻഷ്യൽ സ്കൂൾ

പുസ്തകങ്ങൾ	...	113
പത്രം	...	1 (ഇംഗ്ലീഷ്), 1 (തമിഴ്)

7. ആലപ്പുഴ മോഡൽ റസിഡൻഷ്യൽ സ്കൂൾ

പുസ്തകങ്ങൾ	...	565
പത്രം	...	2

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിലെ റീഡിംഗ് റൂമുകളിലുള്ള പുസ്തകങ്ങളുടെയും പത്രങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പട്ടികജാതി വികസന വകുപ്പ്

കാസർഗോഡ്	...	20
പാലക്കാട്	...	61
തൃശ്ശൂർ	...	18
ഇടുക്കി	...	9
ആലപ്പുഴ	...	37

എറണാകുളത്തെ സ്കൂളിൽ റഫറൻസ് പുസ്തകങ്ങൾ മാത്രമേയുള്ളൂ. കോഴിക്കോട്ടെ സ്കൂളിൽ ശാസ്ത്രഗ്രന്ഥങ്ങളില്ല. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിലെ ലൈബ്രറികളിൽ ഉള്ള ശാസ്ത്ര ഗ്രന്ഥങ്ങളുടെ വിവരം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.*

അംബേദ്കർ മെമ്മോറിയൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ അസൗകര്യം

83 (4024) ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. വി. ബാലറാം :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള എല്ലാ ഡോക്ടർ അംബ്ദകർ മെമ്മോറിയൽ റസിഡൻഷ്യൽ സ്കൂളുകളിലും അവിടെയുള്ള വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യം നിലവിലുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly